***'CORRUPTION, A CRIME AGAINST NATION'***

**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**തിരുവനന്തപുരം–695 033,**
**ഇ–മെയിൽ: vig.vacb@kerala.gov.in**
**ഫോൺ: 0471– 2305393**
**തീയതി:26/10/2022**

# "കൈക്കൂലി വാങ്ങുന്നതിനിടെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് പിടിയിൽ"

കാസർകോഡ് ജില്ലയിലെ മുളിയാർ വില്ലേജ് ഓഫീസിലെ ഫീൽഡ് അസിസ്റ്റന്റ് രാഘവനെ കൈക്കൂലി വാങ്ങുന്നതിനിടെ വിജിലൻസ് അറസ്റ്റ് ചെയ്തു. മുളിയാർ സ്വദേശിയായ ശ്രീ.അഷറഫ് എന്നയാളുടെ പിതാവിന്റെ പേരിലുള്ള മുളിയാർ വില്ലേജിൽ പെട്ട അഞ്ചര സെന്റ് സ്ഥലത്തിന്റെ നികുതി അടയ്ക്കുന്നതിനായി ഈ വർഷം ഫെബ്രുവരിയിൽ വില്ലേജ് ആഫീസിൽ അപേക്ഷ സമീപിച്ചിരുന്നു. അന്നേ ദിവസം പരാതിക്കാരനോട് ഈ വസ്തുവിന്റെ നികുതി നാല് കൊല്ലം മുമ്പാണ് അടച്ചാതെന്നും അതിനാൽ വസ്തുവിന്റെ അസ്സൽ രേഖകളും 30 വർഷത്തെ ബാദ്ധ്യത സർട്ടിഫിക്കറ്റ്, സ്കെച്ച് എന്നിവയുമായി എത്തുവാനും വില്ലേജ് ഓഫീസർ ആവശ്യപ്പെട്ടു. തുടർന്ന് എല്ലാ രേഖകളുമായി പല പ്രാവശ്യം പരാതിക്കാരൻ വില്ലേജ് ഓഫീസിൽ പോയിട്ടും നികുതി അടച്ച് നൽകിയില്ല. തുടർന്ന് ഇക്കഴിഞ്ഞ 15–◌ാ◌ം തീയതി വീണ്ടും വില്ലേജോഫീസിലെത്തിയപ്പോൾ അപേക്ഷ കാണാനില്ലെന്നും ഒരു അപേക്ഷ കൂടി എഴുതിത്തരണമെന്നും ആവശ്യപ്പെട്ടതനുസരിച്ച് വീണ്ടും വില്ലേജ് ഓഫീസിലെത്തിയ പരാതിക്കാരനോട് അപേക്ഷ മാത്രം പോരായെന്നും കൈക്കൂലിയായി 5000/– രൂപ കൂടി വേണമെന്നും വില്ലേജ് ഫീൽഡ് അസിസ്റ്റന്റായ രാഘവൻ അറിയിച്ചു. അത്രയും രൂപ നൽകാനില്ലെന്നും തുക കുറയ്ക്കണമെന്നും അപേക്ഷിച്ചതിനെ തുടർന്ന് രാഘവൻ തുക 2500/– ആയി കുറച്ച് നൽകി. തുടർന്ന് പരാതിക്കാരനായ അഷറഫ് ഈ വിവരം വിജിലൻസ് കാസർകോഡ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. കെ.വി. വേണുഗോപാലിനെ അറിയിക്കുകയും തുടർന്ന് അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം കെണി ഒരുക്കി ഇന്ന് (26/10/2022) ഉച്ചയ്ക്ക് 2.45 മണിയോടെ വില്ലേജ് ഓഫീസിനടുത്ത് വച്ച് 2500/– രൂപ കൈക്കൂലി വാങ്ങിയ രാഘവനെ വിജിലൻസ് കൈയ്യോടെ പിടികൂടുകയാണുണ്ടായത്.

വിജിലൻസ് സംഘത്തിൽ കാസർകോഡ് യൂണിറ്റ് ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് ശ്രീ. കെ.വി. വേണുഗോപാലിനെ കൂടാതെ ഇൻസ്പെക്ടർമാരായ ശ്രീ. സിബിതോമസ് സബ്ഇൻസ്പെക്ടറായ ഈശ്വരൻ നമ്പൂതിരി, അസിസ്റ്റന്റ് സബ്ഇൻസ്പെക്ടർമാരായ രാധാകൃഷ്ണൻ, സതീശൻ,മധുസൂദനൻ,സുബാഷ് ചന്ദ്രൻ, പ്രിയ.കെ. നായർ സീനിയർ സിവിൽപോലീസ് ഓഫീസർമാരായ രഞ്ജിത് കുമാർ, രാജീവൻ, ജയൻ.കെ.വി, പ്രദീപൻ, ബിജു, പ്രമോദ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. പ്രതിയെ കോഴിക്കോട് വിജിലൻസ് കോടതി മുമ്പാകെ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.